

എ.വൈ.ആർ

**ശരീരവും മനസ്സും സുരക്ഷിതമായ, ചിന്തയിലും വാക്കിലും കർമത്തിലും വൈകല്യമില്ലാത്ത തികവുറ്റ വ്യക്തിത്വങ്ങളെയാണ് അല്ലാഹു പ്രവാചകന്മാരായി തെരഞ്ഞെടുക്കുക.**

**സൂറ-20**

# ത്വാഹാ

ആയത്ത് 27 മുതൽ 35 വരെ

| | |
|---|---|
| **27.** എന്റെ നാവിന്റെ കുരുക്ക് അഴിച്ചു തരേണമേ, | وَٱحْلُلْ عُقْدَةً مِّن لِّسَانِى ﴿٢٧﴾ |
| **28.** ജനത്തിന് എന്റെ ഭാഷണം സുഗ്രാഹ്യമാകാൻ. | يَفْقَهُوا۟ قَوْلِى ﴿٢٨﴾ |
| **29.** എനിക്ക് എന്റെ കുടുംബത്തിൽനിന്നു തന്നെ ഒരു സഹായിയെ നിശ്ചയിച്ചു തരേണമേ. | وَٱجْعَل لِّى وَزِيرًا مِّنْ أَهْلِى ﴿٢٩﴾ |
| **30.** അതായത് എന്റെ സഹോദരൻ ഹാറൂനിനെ. | هَـٰرُونَ أَخِى ﴿٣٠﴾ |
| **31.** അവനിലൂടെ എന്റെ മുതുക് ബലിഷ്ഠമാക്കേണമേ | ٱشْدُدْ بِهِۦٓ أَزْرِى ﴿٣١﴾ |
| **32.** അവനെയും എന്റെ ദൗത്യത്തിൽ പങ്കാളിയാക്കേണമേ; | وَأَشْرِكْهُ فِىٓ أَمْرِى ﴿٣٢﴾ |
| **33.** ഞങ്ങൾ നിന്നെ ധാരാളമായി വാഴ്ത്തുവാൻ. | كَىْ نُسَبِّحَكَ كَثِيرًا ﴿٣٣﴾ |
| **34.** നിന്നെക്കുറിച്ച് ധാരാളം പറയാനും. | وَنَذْكُرَكَ كَثِيرًا ﴿٣٤﴾ |
| **35.** തീർച്ചയായും നീ ഞങ്ങളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനല്ലോ. | إِنَّكَ كُنتَ بِنَا بَصِيرًا ﴿٣٥﴾ |

وَٱحْلُلْ = നീ അഴിച്ചുതരേണമേ عُقْدَةً = കുരുക്ക് مِّن لِّسَانِى = എന്റെ നാവിൽനിന്ന്

يَفْقَهُوا۟ = അവർ ഗ്രഹിക്കാൻ (ജനത്തിന് സുഗ്രാഹ്യമാകാൻ) قَوْلِى = എന്റെ വാക്ക്(ഭാഷണം)

وَٱجْعَل لِّى = എനിക്ക് നീ ആക്കുക (നിശ്ചയിച്ചുതരേണമേ) وَزِيرًا = ഒരു സഹായിയെ

مِّنْ أَهْلِى = എന്റെ കുടുംബത്തിൽനിന്നു(തന്നെ) هَـٰرُونَ أَخِى = (അതായത്) എന്റെ സഹോദരൻ ഹാറൂനിനെ

എന്റെ മുതുക്, ശക്തി, സഹായം (കരം) = أَزْرِى അവനിലൂടെ നീ ബലിഷ്ഠമാക്കേണമേ = اُشْدُدْ بِهِۦٓ
എന്റെ കാര്യ(ദൗത്യ)ത്തിൽ = فِىٓ أَمْرِى അവനെയും നീ പങ്കാളിയാക്കേണമേ = وَأَشْرِكْهُ
ധാരാളമായി = كَثِيرًا ഞങ്ങൾ നിന്നെ വാഴ്ത്താൻ, ഭജിക്കാൻ = كَىْ نُسَبِّحَكَ
ധാരാളമായി = كَثِيرًا ഞങ്ങൾ നിന്നെക്കുറിച്ച് പറയാനും, നിന്നെ സ്മരിക്കാനും = وَنَذْكُرَكَ
(സദാ) വീക്ഷി(ച്ചുകൊണ്ടിരി)ക്കുന്നവൻ (അല്ലോ) = بَصِيرًا ഞങ്ങളെ = بِنَا തീർച്ചയായും നീ ആയിരിക്കുന്നു
إِنَّكَ كُنتَ =

## 27,28

**ആ**ളുകൾക്ക് തന്റെ ഭാഷണം എളുപ്പത്തിൽ മനസ്സിലാകും വണ്ണമുള്ള വാക് ചാതുരി പ്രദാനം ചെയ്യണമെന്നാണ് മൂസാ നബി അല്ലാഹുവിന്റെ മുന്നിൽ സമർപ്പിച്ച മൂന്നാമത്തെ അപേക്ഷ. സൂറഃ *അശ്ശുഅ്റാഇൽ* وَلَا يَنطَلِقُ لِسَانِى (എന്റെ നാവ് സംസാരിക്കുകയില്ല) എന്ന വാക്യത്തിലൂടെ അവതരിപ്പിച്ച കുറവ് പരിഹരിച്ചു തരേണമേ എന്നപേക്ഷിക്കുകയാണ് ഇവിടെ وَٱحْلُلْ عُقْدَةً مِّن لِّسَانِى എന്ന വാക്യത്തിലൂടെ. നാക്കിലെ കുരുക്ക് അഴിക്കണം എന്നാണതിന്റെ ഭാഷാർഥം. പ്രവാചകനായി നിയോഗിക്കപ്പെടുന്ന കാലത്ത് മൂസാ(അ) വാക്ചാതുര്യമുള്ള വാഗ്മിയൊന്നുമായിരുന്നില്ല. ജനക്കൂട്ടത്തെ സംബോധന ചെയ്ത് പരിചയമുണ്ടായിരുന്നില്ല. വാഗ്വിലാസത്തിൽ അദ്ദേഹത്തെക്കാൾ മികച്ചയാൾ സഹോദരൻ ഹാറൂൻ ആയിരുന്നു. അദ്ദേഹം എന്നെക്കാൾ വാഗ്വൈഭവമുള്ളവനാണ് هُوَ أَفْصَحُ مِنِّى (*അൽഖസ്വസ്വ്* 34) എന്ന് മൂസാ നബി ബോധിപ്പിക്കുന്നുമുണ്ട്.

മൂസാ നബിക്ക് വിക്കുണ്ടായിരുന്നുവെന്നാണ് ചിലർ ഈ വാക്യത്തിൽനിന്ന് അനുമാനിക്കുന്നത്. കൊഞ്ഞുണ്ടായിരുന്നുവെന്നാണ് ചിലരുടെ നിഗമനം. അതിനാധാരമായി ഒരു കഥയും ഉദ്ധരിക്കുന്നുണ്ട്. ശിശുവായിരുന്നപ്പോൾ ഒരിക്കൽ മൂസാ ഫറവോന്റെ ശിരസ്സിൽ നിന്ന് കിരീടം എടുത്ത് സ്വന്തം തലയിലണിയുകയുണ്ടായി (ഫറവോന്റെ താടിരോമം പിഴുതെടുക്കുകയായിരുന്നു എന്നും പ്രസ്താവമുണ്ട്). ഇത് ഭാവിയിൽ ഈ കുഞ്ഞ് തന്റെ സിംഹാസനത്തിന് ഭീഷണിയായിത്തീരുമെന്നതിന്റെ ലക്ഷണമായി ധരിച്ച ഫറവോൻ കോപിഷ്ഠനായി മൂസായെ കൊല്ലാൻ തുനിഞ്ഞു. ഫറവോന്റെ ഭാര്യ, അതൊരു കൊച്ചു കുഞ്ഞിന്റെ വിനോദമായി മാത്രം കണക്കാക്കണമെന്നും കുഞ്ഞിനെ ശിക്ഷിക്കരുതെന്നും അഭ്യർഥിച്ചു. മൂസായുടേത് കുട്ടിക്കളിയാണോ കാര്യമായി ചെയ്തതാണോ എന്നറിയാൻ ഫറവോൻ ഒരു പരീക്ഷണം നടത്തി. ഒരു തളികയിൽ സ്വർണക്കട്ടിയും തീക്കനലും വെച്ച് കുഞ്ഞിന്റെ മുമ്പിൽ കൊണ്ടുവന്നു. കുഞ്ഞ് തീക്കനലെടുത്ത് വായിലിട്ടു. അത് കണ്ട് കുഞ്ഞിന്റെ പ്രവൃത്തി വിവേചനബോധമില്ലാത്തതാണെന്ന് മനസ്സിലാക്കി ഫറവോൻ ശിശുവിനെ വെറുതെവിട്ടു. അങ്ങനെ മൂസാ തന്റെ ജീവൻ രക്ഷിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ നാവ് പൊള്ളിപ്പോയി. അതേത്തുടർന്ന് അദ്ദേഹത്തിന് സംസാരവൈകല്യമുണ്ടായി.

രണ്ടു കാരണങ്ങളാൽ ഈ കഥ അവിശ്വസനീയമാണ്. ഒന്ന്, കുട്ടികൾ തീക്കനലിനെ കളിക്കോപ്പായി കണ്ട് തൊട്ടെന്നുവരാം. എന്നാൽ അതെടുത്ത് വായിലിടുക ഒരിക്കലുമുണ്ടാവില്ല. വിരൽ പൊള്ളുമ്പോൾ അവർ ഉടനെ കൈ പിൻവലിക്കും. ജന്തുക്കൾ പോലും അതേ ചെയ്യൂ. തനിക്ക് വിവേചനബോധമില്ലെന്ന് ഫറവോനെ ബോധ്യപ്പെടുത്താൻ അദ്ദേഹം മനപ്പൂർവം അങ്ങനെ ചെയ്യുകയായിരുന്നെങ്കിൽ പോലും ആ ലക്ഷ്യം നേടാൻ തീക്കനൽ കൈയിലെടുത്താൽ തന്നെ മതിയാകുമായിരുന്നു. അതെടുത്ത് വായിലിടേണ്ട കാര്യമില്ല. അതിനാൽ മൂസാ ബാലചാപല്യമായിട്ടായാലും ബോധപൂർവമായിട്ടായാലും തീക്കനലെടുത്ത് വായിലിട്ടു എന്ന് വിശ്വസിക്കാനാവില്ല. രണ്ട്, ശരീരവും മനസ്സും സുരക്ഷിതമായ, ചിന്തയിലും വാക്കിലും കർമത്തിലും വൈകല്യമില്ലാത്ത തികവുറ്റ വ്യക്തിത്വങ്ങളെയാണ് അല്ലാഹു പ്രവാചകന്മാരായി തെരഞ്ഞെടുക്കുക. അല്ലാഹു തെരഞ്ഞെടുക്കുക മാത്രമല്ല, തനിക്കു വേണ്ടി വളർത്തിക്കൊണ്ടുവരികയും ചെയ്ത- وَٱصْطَنَعْتُكَ لِنَفْسِى -പ്രവാചകനാണ് മൂസാ എന്ന് അടുത്ത 41-ാം സൂക്തം പറയുന്നുണ്ട്. 'എനിക്കു വേണ്ടി ഞാൻ നിന്നെ വാർത്തെടുത്തു' എന്നും അതിനർഥമാകാവുന്നതാണ്. അത്തരമൊരാൾ വിക്കനോ കൊഞ്ഞപ്പടയുള്ളവനോ ആയിത്തീരുമെന്നെങ്ങനെ വിശ്വസിക്കും?

ദൗത്യനിർവഹണത്തിന് മുമ്പിലുള്ള പ്രയാസങ്ങളും പ്രതിബന്ധങ്ങളുമകറ്റി എനിക്ക് വിജയമാർഗം ഒരുക്കിത്തരേണമേ - وَيَسِّرْ لِىٓ أَمْرِى - എന്നപേക്ഷിച്ച ഉടനെ നാവിലെ കുരുക്കഴിച്ചുതരണമെന്നപേക്ഷിക്കുന്നതിന്റെ താൽപര്യം നേരത്തെ വ്യക്തമാക്കിയതുപോലെ, 'എനിക്ക് ജനങ്ങളെ സംബോധന ചെയ്യാനുള്ള ധൈര്യവും വാക്ചാതുരിയും പ്രഭാഷണ വൈഭവവും പ്രദാനം ചെയ്യേണമേ' എന്നാണ്. അക്കാലത്ത് ബഹുജന സമ്പർക്കത്തിന്റെ ഏറ്റവും ഫലപ്രദവും പ്രധാനവുമായ വഴി - ചിലപ്പോൾ ഒരേയൊരു വഴി- ആയിരുന്നു പ്രഭാഷണ കല. നല്ല പ്രഭാ

ഷകർ ജനങ്ങളുടെ ആദരവ് നേടുകയും നേതാക്കളായി അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. പ്രസംഗ വൈഭവമുള്ളവരെയാണ് അറബികൾ ഗോത്രത്തലവന്മാരായി തെരഞ്ഞെടുത്തിരുന്നത്. അതില്ലാത്തവർക്ക് നേതൃത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ നേരാം വണ്ണം നിർവഹിക്കാനാവില്ല എന്നായിരുന്നു അവരുടെ നിലപാട്. പ്രസംഗ വൈഭവം ഇന്നും അവഗണിക്കാനാവാത്ത ആശയ പ്രചാരണ മാധ്യമവും നേതൃത്വ ഘടകവും തന്നെയാണ്. എങ്കിലും ഇക്കാലത്ത് അതിന്റെ സ്ഥാനം അച്ചടിയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളും വലിയൊരളവിൽ ഏറ്റെടുത്തിരിക്കുന്നു. ഭംഗിയായി സംസാരിക്കാൻ കഴിയാത്ത കുറവ് മാധ്യമങ്ങൾ നികത്തിക്കൊള്ളും. ഒരാളുടെ അഭിപ്രായങ്ങളും ആശയങ്ങളും തത്സമയം ലോകത്തെല്ലായിടത്തുമെത്തുന്നു. ഇതൊന്നുമില്ലാത്ത കാലത്ത് ആഗതരായ പ്രവാചകവര്യന്മാർ തങ്ങളുടെ വാക്വൈഭവത്തിലൂടെയാണ് ജനങ്ങളെ ബോധവത്കരിച്ചിരുന്നതും നയിച്ചിരുന്നതും. പല ഇസ്രയേലീ പ്രവാചകന്മാരുടെയും അത്യാകർഷകമായ പ്രഭാഷണങ്ങൾ ബൈബിളിലും ഖുർആനും ഉദ്ധരിക്കുന്നുണ്ട്. മുഹമ്മദ് നബി(സ) പൊതു പ്രബോധനത്തിന് തുടക്കം കുറിച്ചത് സ്വഫാ കുന്നിൽ കയറി നിന്ന് ആളുകളെ വിളിച്ചുകൂട്ടി പ്രസംഗിച്ചുകൊണ്ടായിരുന്നു. ഈ സാഹചര്യത്തിൽ പ്രഭാഷണകലയിൽ പരിചയം നേടിയിട്ടില്ലാത്ത മൂസാ(അ) തന്റെ ആ കുറവ് നികത്തണമെന്ന് അല്ലാഹുവിനോട് അപേക്ഷിച്ചതിൽ അസാധാരണത്വമൊന്നുമില്ല. അല്ലാഹു ആ പ്രാർഥന സ്വീകരിച്ചുവെന്ന് പിൽക്കാലത്ത് അദ്ദേഹം ചെയ്തതായി ഉദ്ധരിക്കപ്പെടുന്ന ഉജ്ജ്വലമായ പ്രഭാഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

## 29-32

**മൂ**സാ നബിയുടെ നാലാമത്തെ അപേക്ഷയാണ് ഈ സൂക്തം വിവരിക്കുന്നത്. മൂസാ(അ) അവലംബാർഹനും സംരക്ഷകനുമായി കണ്ടിരുന്നത് സഹോദരൻ ഹാറൂനിനെയായിരുന്നു. മദ്യനിൽ നിന്ന് പോരുമ്പോൾ തന്നെ ഹാറൂനുമായി ചേരണമെന്ന് മൂസാ(അ) ആഗ്രഹിച്ചിരുന്നതാണ്. മൂസാ(അ)യുടെ മൂത്ത സഹോദരനായ ഹാറൂൻ വളരെ വാചാലനും പക്വമതിയും ആജാനബാഹുവുമായിരുന്നു. ബുദ്ധി കൊണ്ടും വിവേകം കൊണ്ടും പ്രവാചകത്വത്തിനു യോഗ്യനുമായിരുന്നു. പ്രവാചക നിയോഗം ലഭിച്ച മൂസാ(അ), അതിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് സഹോദരൻ ഹാറൂനിന്റെ സഹായം വേണമെന്നും അദ്ദേഹത്തെ തന്റെ സഹപ്രവാചകനായി നിശ്ചയിക്കണമെന്നും അപേക്ഷിക്കുകയാണ്. സൂറഃൽ *അൽഖസ്വസ്* 34-ാം സൂക്തത്തിൽ, പ്രഭാഷണ പാടവം കുറഞ്ഞ തനിക്ക് ഹാറൂനിന്റെ വാഗ്വൈഭവം വലിയ തുണയാകുമെന്നും വ്യക്തമാക്കുന്നുണ്ട്

ازر എന്ന മൂലത്തിൽ നിന്നുള്ളതാണ് وزير. മുതുകിനും ശക്തിക്കും സഹായത്തിനും ഉപയോഗിക്കുന്ന പദമാണ് أزر. മുതുകാണ് മൗലികമായ അർഥം. ശരീരത്തിന്റെ അവയവങ്ങളുടെയും ശക്തിയുടെയും കേന്ദ്രമെന്ന നിലയിൽ പിന്നീട് ശക്തിയെ കുറിക്കാനും ഉപയോഗിച്ചു. പ്രവർത്തനത്തെ സഹായിക്കുന്ന മുഖ്യ ഘടകം ശക്തിയായതിനാൽ പിന്നീടതിന് സഹായമെന്ന ആശയവുമുണ്ടായി. ഒരാളെ സഹായിക്കുന്നതിനും ശക്തനാക്കുന്നതിനും آزره എന്നു പറയും. മുതുകിൽ ബന്ധിപ്പിക്കുന്ന വസ്ത്രമായതുകൊണ്ടാണ് ഉടുതുണിക്ക് إزار എന്നു പറയുന്നത്. ഭാഷാ നിയമപ്രകാരം أزر ന്റെ കർതൃപദം أزير എന്നാണ് വരേണ്ടത്. ഉച്ചാരണ സുഖത്തിനുവേണ്ടി അതിനെ وزير ആക്കുകയായിരുന്നു. സഹായി എന്നാണ് ഭാഷാർഥമെങ്കിലും ഭരണനിർവഹണത്തിൽ രാജാവിനെ അല്ലെങ്കിൽ രാഷ്ട്ര സാരഥിയെ പ്രതിനിധീകരിക്കുകയും സഹായിക്കുകയും ചെയ്യുന്നയാളെ കുറിക്കാൻ നമ്മുടെ ഭാഷയിൽ ഉപയോഗിക്കുന്ന മന്ത്രിക്ക് തുല്യമായ പദമായിട്ടാണ് അറബിയിൽ وزير ഉപയോഗിക്കപ്പെടുന്നത്. وزير الخارجية വിദേശകാര്യമന്ത്രിയാണ്. ആഭ്യന്തര കാര്യമന്ത്രാലയമാണ് وزارة الدّاخلية. ഒരു സേവകനായോ ശിഷ്യനായോ അല്ല തനിക്ക് തുല്യനായ സഹപ്രവർത്തകനായിട്ടാണ് മൂസാ(അ) ഹാറൂനിനെ ആവശ്യപ്പെടുന്നതെന്ന് ഈ പദപ്രയോഗം വ്യക്തമാക്കുന്നു. ഈ ആശയത്തെ ഒന്നുകൂടി ഊന്നിപ്പറയുകയാണ് اشْدُدْ بِهِ أَزْرِي ﴿٣١﴾ وَأَشْرِكْهُ فِي أَمْرِي ﴿٣٢﴾ എന്ന വാക്യങ്ങൾ. ഇതിലെ أزر മുതുകു തന്നെയാണ്. 'പ്രവാചകത്വഭാരം വഹിക്കാൻ എന്റെ മുതുകിനെ അദ്ദേഹത്തിലൂടെ ബലപ്പെടുത്തുകയും ഉത്തരവാദിത്വത്തിൽ അദ്ദേഹത്തെ എന്റെ പങ്കാളിയാക്കുകയും ചെയ്യണ'മെന്നാണ് മൂസാ(അ) ആവശ്യപ്പെടുന്നത്. ഒരേകാലത്ത് ഒരേ സമൂഹത്തിൽ ഒന്നിലധികം പ്രവാചകന്മാർ നിയുക്തരായ ഉദാഹരണങ്ങളുണ്ടെങ്കിലും ഒരു പ്രവാചകന്റെ മന്ത്രിയും പങ്കാളിയുമായി മറ്റൊരു പ്രവാചകനെ നിയോഗിച്ചതിന് വേറെ ഉദാഹരണങ്ങൾ കാണുന്നില്ല. സഹോദരനെ കൂടി പ്രവാചകനാക്കി തന്റെ ദൗത്യത്തിൽ പങ്കാളിയാക്കണമെന്ന അപേക്ഷയും അല്ലാഹു അതനുവദിച്ചുകൊടുത്തതും മൂസാ നബിക്ക് മാത്രം അവകാശപ്പെട്ട സവിശേഷ മഹത്വമാണ്. ഭൗതികരായ നേതാക്കന്മാർക്ക് ലഭിക്കുന്ന ക്ഷണികവും നിസ്സാരവുമായ അധികാരങ്ങളിൽ പോലും മറ്റുള്ളവരെ പങ്കാളികളാക്കാൻ അവരിഷ്ടപ്പെടുകയില്ല. പക്ഷേ, സ്വന്തം ഉത്തരവാദിത്വത്തെക്കുറിച്ച് തീക്ഷ്ണമായ ബോധമുള്ള ഒരു പ്രവാചകന് പ്രവാചകത്വം എന്ന മഹത്തായ പദവിയിൽ പോലും പങ്കാളിയെ ആവശ്യപ്പെട്ടുകൊണ്ട് അല്ലാഹുവിനോട് പ്രാർഥിക്കുകയാണ്.

ഖുർആൻ പരിചയപ്പെടുത്തിയതുപോലെയല്ല ബൈബിളിൽ ഹാറൂനിനെ പരിചയപ്പെടുത്തുന്നത്. ബൈബിളിൽ മൂസാ(അ)യുടെ ഒരു സഹാവും വക്താവും മാത്രമാണ് ഹാറൂൻ(അ). സാമിരി ഉണ്ടാക്കിയ കുഴപ്പങ്ങൾ ഹാറൂനിന്റെ കണക്കിലാണ് ബൈബിൾ ചേർത്തിരിക്കുന്നത്. ഇസ്റാഈല്യർ വികലമാക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്ത, അവരുടെ മഹദ് വ്യക്തിത്വങ്ങളുടെ യഥാർഥ ചിത്രം വരച്ചുകാണിക്കുകയാണ് ഖുർആൻ.

## 33-35

**അ**തായത് ഹാറൂനിനെ കൂടി പ്രവാചകനാക്കണമെന്നാവ

ശ്യപ്പെടുന്നത് രണ്ടു പേരും ചേർന്ന് അല്ലാഹുവിനെ കൂടുതൽ വാഴ്ത്തുന്നതിനും അവനെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നതിനും വേണ്ടിയാണ്. ഇവിടെ ഒറ്റക്കും കൂട്ടായും ഉള്ള പ്രകീർത്തനവും സംസാരവും ഉദ്ദേശ്യമാണ്. യഥാർഥത്തിൽ പ്രവാചകത്വത്തിന്റെ ചുമതലാ നിർവഹണത്തിന്റെ മറ്റൊരു ഭാഷ്യമാണത്. ഏകാന്തരായിരിക്കുമ്പോഴും ജനങ്ങൾക്കിടയിലായിരിക്കുമ്പോഴും അവർ ദിക്റും തസ്ബീഹും ചെയ്തുകൊണ്ടിരിക്കും. മസ്ജിദിൽ നടത്തുന്ന നമസ്കാരം പോലെ തന്നെ ജനങ്ങൾക്കിടയിൽ നടത്തുന്ന സന്ദേശ പ്രചാരണവും ദിക്റിന്റെയും തസ്ബീഹിന്റെയും കണക്കിൽ പെടുന്നു. നേരത്തെ 14-ാം സൂക്തത്തിൽ أَقِمِ الصَّلَوٰةَ لِذِكْرِيٓ (എന്നെ സ്മരിക്കാൻ നമസ്കാരം നിലനിർത്തുക) എന്ന് കൽപിച്ചിട്ടുണ്ടല്ലോ. ഇനി 42-ാം സൂക്തത്തിൽ وَلَا تَنِيَا فِي ذِكْرِي (എന്റെ സ്മരണയിൽ വീഴ്ചവരുത്തരുത്) എന്നും പറയുന്നുണ്ട്. ഇപ്പറഞ്ഞ ദിക്ർ കൊണ്ട് ഉദ്ദേശ്യം പ്രബോധനവും ഉത്ബോധനവുമാണെന്ന് വ്യക്തമാണ്. സ്മരിക്കുന്നതിനെന്ന പോലെ പറയുന്നതിനും 'ദിക്റ്' ഉപയോഗിക്കും. അത് പരിഗണിച്ചുകൊണ്ടാണ് نَذْكُرَكَ كَثِيرًا എന്ന വാക്യത്തെ 'നിന്നെക്കുറിച്ച് ധാരാളം പറയാനും' എന്ന് തർജമ ചെയ്തത് - പറയലിൽ ഓർമിക്കലും ഉണ്ട്. എന്നാൽ ഓർമിക്കലിൽ പറയൽ ഉണ്ടാവണമെന്നില്ല. ഓർമിക്കൽ രഹസ്യമായ ദിക്ർ ആണ്. പ്രവാചകൻ നിയോഗിക്കപ്പെടുന്നത് പരസ്യമായ ദിക്റിനു കൂടിയാണ്. മൂസാ നബിയെ ഫറവോനിലേക്കയക്കുന്നതും അതിനു വേണ്ടിയാണ്.

തസ്ബീഹും ദിക്റും ഒന്നിച്ചു പറയുന്നതിൽ സൂക്ഷ്മമായ ഒരാശയം അടങ്ങിയിട്ടുണ്ട്. തസ്ബീഹിൽ മുഴച്ചുനിൽക്കുന്നത് നിഷേധാത്മകതയാണ്. അല്ലാഹുവിന്റെ പരമ പരിശുദ്ധിക്ക് ചേരാത്ത എല്ലാ ഗുണങ്ങളെയും നടപടികളെയും നിഷേധിച്ചുകൊണ്ടുള്ള വാഴ്ത്തലാണ് തസ്ബീഹ്. അവന്റെ തികവുകളുടെയും മികവുകളുടെയും സ്ഥിരീകരണമാണ് ദിക്ർ. അല്ലാഹുവുമായി ശരിയായ ബന്ധം നിലനിർത്താൻ ഈ നിഷേധവും സ്ഥിരീകരണവും-രണ്ടും- അനിവാര്യമാകുന്നു. അല്ലാഹുവിന്റെ മഹത്വത്തിനും ഉന്നത ഗുണങ്ങൾക്കും അവന്റെ പ്രീതിക്കും വിധിവിലക്കുകൾക്കും എതിരായതെല്ലാം നിഷേധിക്കപ്പെടണം. അവന്റെ മഹത്വത്തിനും സൽഗുണങ്ങൾക്കും വിധിവിലക്കുകൾക്കും യോജിച്ചതെല്ലാം സ്ഥിരീകരിക്കപ്പെടുകയും വേണം. ഈ രണ്ടു കാര്യങ്ങളും കൂടിച്ചേർന്ന് സത്യവിശ്വാസിയുടെ മനോഗതിയും സ്വഭാവവുമായിത്തീരുന്നു. നിഷേധം സ്ഥിരീകരണത്തിന്റെ മുന്നോടിയാണ്. വിശ്വാസി അവന്റെ സത്യസാക്ഷ്യത്തിൽ لا إله -ദൈവമേതുമില്ല-എന്ന് പ്രഖ്യാപിച്ച ശേഷമാണ്-إلا الله-അല്ലാഹു ഒഴികെ എന്ന സ്ഥിരീകരണം പ്രഖ്യാപിക്കുന്നത്. അടിമകൾ അല്ലാഹുവല്ലാത്ത എല്ലാറ്റിനോടുമുള്ള എല്ലാതരം ആരാധനയിൽ നിന്നും മുക്തനാകാതെ അല്ലാഹുവിന്റെ കൂറുള്ള അടിമയായിത്തീരുന്നില്ല. തന്റെ പ്രാർഥന അല്ലാഹു കൈക്കൊള്ളുമെന്നതിന് മൂസാ(അ) അല്ലാഹുവിൽ തന്നെ പ്രതീക്ഷയർപ്പിക്കുകയാണ് إِنَّكَ كُنتَ بِنَا بَصِيرًا എന്ന വാക്യത്തിലൂടെ. സൂറ *മർയ*മിൽ സകരിയ്യാ(അ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്ന وَلَمْ أَكُنۢ بِدُعَآئِكَ رَبِّ شَقِيًّا -നാഥാ നിന്നോട് പ്രാർഥിച്ചിട്ട് ഞാൻ നിർഭാഗ്യവാനായിട്ടില്ല-എന്ന വാക്യത്തിന് സമാനമാണിത്. പ്രവാചകവര്യന്മാരുടെ ഈ രീതിയിലുള്ള പ്രതീക്ഷാ പ്രകടനത്തിൽ ഒരു തത്ത്വമുണ്ട്. അല്ലാഹുവിന്റെ സന്നിധിയിൽ മനുഷ്യന്റെ ഏറ്റവും നല്ല ശിപാർശകൻ അല്ലാഹുവിന്റെ ദയാ ദാക്ഷിണ്യം തന്നെയാകുന്നു. സ്വന്തം പുണ്യകർമങ്ങൾ പോലും പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള ഉറച്ച ഈടുവെപ്പുകളാകുന്നില്ല. കാരണം, കർമങ്ങളുടെ യാഥാർഥ്യം അറിയുന്നതും, അത് എപ്പോൾ പരിഗണിക്കണമെന്നും എങ്ങനെ പ്രതിഫലം നൽകണമെന്നും തീരുമാനിക്കുന്നതും അല്ലാഹുവാണ്. അതിനാൽ അല്ലാഹുവിന്റെ അറിവിനെയും ഔദാര്യത്തെയും മുൻനിർത്തികൊണ്ട് മൂസാ നബിയും സഹോദരനും പ്രാർഥിക്കുകയാണ്: നാഥാ, നിസ്സഹായരും പതിതരുമായ ഞങ്ങളെ നീ മഹത്തായ ഒരു ദൗത്യം ഏൽപിച്ചിരിക്കുകയാണ്, നിനക്ക് വേണ്ടി ഞങ്ങൾ അതേറ്റെടുക്കുന്നു. ഞങ്ങളുടെ അകവും പുറവും സദാ കണ്ടുകൊണ്ടിരിക്കുന്ന നിന്റെ ഔദാര്യവും അനുഗ്രഹവും എപ്പോഴും ഞങ്ങൾക്കുണ്ടാകുമെന്ന ഉറച്ച പ്രതീക്ഷയുണ്ട് ഞങ്ങൾക്ക്. ■


Matrimonial

സാമ്പത്തിക ഭദ്രതയുള്ള പ്രസ്ഥാന കുടുംബത്തിലെ യുവതി (22/5'2"). യൂനിവേഴ്സിറ്റി പിജിക്ക് പഠിക്കുന്നു. പ്രസ്ഥാന പ്രവർത്തകരായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

9946069742

പ്രസ്ഥാന കുടുംബത്തിലെ യുവതി (24/5'2"). വെളുത്ത നിറം. ഹോമിയോ (ഫൈനൽ ഇയർ). എറണാകുളം ജില്ല. ജി.ഐ.ഒ പ്രവർത്തക. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Email: amrasheed@hotmail.com

9895707022, 9562877155, 0096892855120